

## ആരാധനഭവൻ - ബോംബെ

സ്ഥാപനം : 1992

1988-ൽ സ്ഥാപിതമായ കല്യാൺ രൂപതയുടെ മെത്രാൻ മാർ പോൾ ചിറ്റിലപ്പിള്ളി രൂപതയുടെ വികസനത്തിൽ സഹായിക്കാൻ സിസ്റ്റേഴ്സിനെ അയയ്ക്കണമെന്ന് പല പ്രാവശ്യം അധികാരികളോട് ആവശ്യപ്പെട്ടു. അതോടൊപ്പം ഭാരതത്തിലെ പ്രധാന പട്ടണങ്ങളിൽ മഠങ്ങൾ സ്ഥാപിക്കാൻ പ്രൊവിൻസുകൾക്ക് സ്വാതന്ത്ര്യമുണ്ടെന്ന് ജനറൽ സിനാക്സിസ് പ്രഖ്യാപിച്ചു. വാഗ്ലെ എസ്റ്റേറ്റിൽ കല്യാൺ രൂപതയുടെ സ്വന്തമായ ഒരു ദേവാലയം 1992-ൽ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടായിരുന്നു. പള്ളിയോടടുത്ത് ഒരു ഇരുനിലക്കെട്ടിടം വാങ്ങി 3 പേരടങ്ങുന്ന ഒരു സമൂഹത്തിന് തുടക്കമിട്ടു. ഇതോടൊപ്പം മഠത്തിന്റെ രണ്ടാം നിലയിൽ പ്രീ നേഴ്സറി സ്ക്കൂളും ആരംഭിച്ചു. വി.കുർബാനയിലെ പാട്ടുകളും പ്രാർത്ഥനകളും ഇടവക ജനത്തെ പഠിപ്പിച്ച് സീറോ മലബാർ കുർബാന സജീവമാക്കാനാണ് സിസ്റ്റേഴ്സ് ഏറെ ശ്രദ്ധിച്ചത്. വൈവിധ്യമാർന്ന പ്രവർത്തനമേഖലകളിലാണ് ഇടവകയ്ക്കുള്ളത്. എണ്ണത്തിൽ പരിമിതമെങ്കിലും തങ്ങളുടെ സർവ്വശക്തിയും സിസ്റ്റേഴ്സ് ഈ മേഖലകളിലെ പ്രവർത്തനവിജയത്തിനായി സമർപ്പിക്കുന്നു. രൂപതയുടെ പ്രവർത്തനമേഖകളിലും സിസ്റ്റഅേഴ് സാന്നിധ്യം സജീവമായിരുന്നു